മലിനജലം ഒഴുകിയെത്തുന്നത് തടയാൻ ഭരണിക്കാവ്-ശാസ്താംകോട്ട റോഡിന് ഇടതുവശം ഓട നിർമ്മിച്ചുവരുന്നു. കൂടാതെ, ഒരു ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചുവരുന്നു. ശാസ്താംകോട്ട ശുദ്ധജലതടാകം സംരക്ഷിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അവലോകന യോഗങ്ങൾ 18-1-2005-ൽ ജലവിഭവ വകുപ്പുമന്ത്രിയും 22-2-2005-ൽ ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നടത്തി ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇതിനിപ്പോൾ പദ്ധതികളൊന്നും ഇല്ല. മഴക്കാലത്ത് കായലിൽ മണ്ണൊലിച്ചിറങ്ങുന്നത് തടയുന്നതിനായി ബണ്ടുകളും ഓടകളും കെട്ടുന്നതിനുള്ള പദ്ധതികൾ മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ (MAP) തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(സി) അതെ. സമീപ പ്രദേശങ്ങളിലെയും കല്ലടയാറ്റിലെയും ജലവിതാനത്തിലെ ഏറ്റക്കുറച്ചിൽ, കുന്നുകളിൽനിന്നുള്ള മണ്ണൊലിപ്പ്, കായലിന് സമീപമുള്ള മണൽ ഖനനം, റീചാർജ്ജിലെ അപര്യാപ്തത, മണ്ണൊലിപ്പ് എന്നിവയാണ് ജലനിരപ്പ് താഴുന്നതിനുള്ള കാരണമായി കണക്കാക്കിയിട്ടുള്ളത്.

ലീഗൽ അസിസ്റ്റന്റ് നിയമനം

170 [2608] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 ന്റെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ-താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിലും കമ്മിറ്റിയിലുമായി ലീഗൽ അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടോ; ഉണ്ടെങ്കിൽ എത്ര തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും ഈ ഒഴിവുകളിലെ നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 ന്റെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലിസ്റ്റിൽനിന്നും 15 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ജില്ലാ-താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിലും കമ്മിറ്റിയിലും ലീഗൽ അസിസ്റ്റന്റ് തസ്തിക ഇല്ല. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയിൽ ഒരു അസിസ്റ്റന്റിന്റെ തസ്തികവീതം 14 അസിസ്റ്റന്റ് തസ്തികകളും താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയിൽ ഒരു സെക്രട്ടറിയുടെ തസ്തികവീതം 63 സെക്രട്ടറിമാരുടെ തസ്തികകളുമാണ് ജി. ഒ. (എംഎസ്.) നം. 525/എച്ച്1/2001/നിയമം തീയതി 3-11-2001 പ്രകാരം സൃഷ്ടിച്ചിട്ടുള്ളത്.

ടി തസ്തികകളിലേക്ക് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 വിഭാഗത്തിൽനിന്നോ ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസിലെ സമാന തസ്തികയിൽ നിന്നോ അല്ലെങ്കിൽ സർക്കാരിന്റെ മറ്റേതെങ്കിലും സബോർഡിനേറ്റ് സർവ്വീസിലെ സമാന തസ്തികകളിൽനിന്നോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തേണ്ടത്.

(ഡി) ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയിലും താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തേണ്ടത്. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

റവന്യു വകുപ്പിൽ യു. ഡി. സി./എസ്. വി. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ

171 [2609] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന റവന്യു വകുപ്പിൽ യു.ഡി.സി./എസ്.വി. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത് കാലാനുസൃതമായി ഉണ്ടായിട്ടുള്ള ഒഴിവുകൾ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണോ?

ഉത്തരം

സംസ്ഥാന റവന്യു വകുപ്പിൽ യു.ഡി.സി./എസ്.വി. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത് കാലാനുസൃതമായി ഉണ്ടായിട്ടുള്ള ഒഴിവുകൾ കണക്കാക്കിയിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly